# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ-490   27.09.2011-ൽ മറുപടിക്ക്

## കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയത്തിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഗെയിംസിലുള്ള ഹാൻഡ് ബോളും ബീച്ച് ഹാൻഡ് ബോളും കൊല്ലത്ത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) ഹാൻഡ്ബോളും ബീച്ച് ഹാൻഡ്ബോളും തിരുവനന്തപുരത്ത് വെച്ച് നടത്താനാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അനുമതി നൽകിയിട്ടുള്ളത്. അതിനാൽ വേദി മാറ്റുന്ന കാര്യം പരിഗണനയിലില്ല; |
| (ബി) കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ അന്തർ ദേശീയ നിലവാരമുള്ള സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കുമോ;<br>(സി) ലാൽ ബഹദൂർ സ്റ്റേഡിയത്തിലെ ഫ്ളഡ് ലൈറ്റ് നവീകരണം നടത്തുന്ന കാര്യം പരിഗണിക്കുമോ;<br>(ഡി) ആധുനിക സൗകര്യങ്ങളോടു കൂടിയ മൾട്ടി ജിംനേഷ്യം കൊല്ലത്ത് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി), (സി) & (ഡി) 35-ാമത് ദേശീയ ഗെയിംസിന്റെ വേദികൾ സ്പോർട്സ് ടെക്നിക്കൽ കമ്മിറ്റിയും ചീഫ് ടെക്നിക്കൽ അഡ്വൈസർ (സ്പോർട്സ്)-ഉം പരിശോധിച്ച് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അംഗീകാരം നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം എന്നിവ നടക്കുന്നത്. ഈ സാഹചര്യത്തിൽ പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ